No. LCO 636/2024/EN(2)

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ (പി.ഒ),
തിരുവനന്തപുരം – 695 033,
ഫോൺ: 0471 2783950
E-mail: gsectionlcoffice@gmail.com
തീയതി :09-12-2024

# സർക്കുലർ 15/2024

വിഷയം : തൊഴിൽ വകുപ്പ് –വകുപ്പിലെ സ്ഥാപന പരിശോധന സംബന്ധിച്ച് ഉദ്യോഗസ്ഥർ പാലിക്കേണ്ട നിർദ്ദേശങ്ങൾ-പുതുക്കിയ സർക്കുലർ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

സൂചന : 1) ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ 11.07.2023 തീയതിയിലെ പ്രവൃത്തി അവലോകനയോഗം

2) ലേബർ കമ്മീഷണറുടെ 18-08-2023 തിയ്യതിയായ 10/2023 നമ്പർ സർക്കുലർ.

തൊഴിൽ വകുപ്പിൽ പരിശോധനാ സംവിധാനം പുനരാരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ വകുപ്പിനെ പ്രതിനിധീകരിച്ച് പരിശോധനക്ക എത്തുന്ന ഇൻസ്പെക്ടർമാർ പാലിക്കേണ്ട നടപടികളെ സംബന്ധിച്ചുള്ള പൊതു നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു . നിലവിലെ സാഹചര്യത്തിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിൽ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സംവിധാനത്തിലൂടെയുള്ള ഇൻസ്പെക്ഷൻ കൂടാതെ പ്രതിമാസം 50 എണ്ണം പരിശോധനകൾ നടത്തേണ്ടതാണ്. . ആയത് കൂടാതെ പ്രതിമാസം കുറഞ്ഞത് 50 പുതിയ സ്ഥാപനങ്ങളെ കണ്ടെത്തി രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിൽ 10 പുതിയ സ്ഥാപനങ്ങൾ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം ആയിരിക്കേണ്ടതാണ്.
- എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം സ്ഥാപന പരിശോധന നടത്തുമ്പോൾ 100 ലേറെ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ ജില്ലാ ലേബർ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ മാത്രമേ പരിശോധന നടത്താവൂ. ഇതിനായി ലേബർ കമ്മീഷണറുടെ പ്രത്യേക അനുമതി തേടേണ്ട ആവശ്യമില്ല.
- പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർ പ്പറേഷൻ / R T ഓഫീസ് / മോട്ടോർ ബോർഡ് എന്നിവിടങ്ങളിൽ നിന്നും ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് ശേഖരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.
- നിലവിൽ തങ്ങളുടെ കാര്യാലയത്തിൽ ലഭ്യമാകുന്ന പരാതികളിൽ,ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നേരിട്ട് പരിശോധന നടത്താവുന്നതാണ്. എന്നാൽ കൃത്യമായ പേരോ മേൽവിലാസമോ ഇല്ലാതെ ലഭ്യമാകുന്ന പരാതികളിൽ പരിശോധന നടത്തേണ്ടതില്ല. എന്നിരുന്നാലും

പരാതിക്കാരന്റെ പേര് വെളിപ്പെടുത്തുവാനാഗ്രഹിക്കാത്ത പരാതികളിൽ, പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങൾ ടി സ്ഥാപനത്തിൽ നിലവിലുള്ളതാണോയെന്ന് പ്രാഥമികമായി അന്വേഷണം നടത്തിയതിന് ശേഷം, പരിശോധന ആവശ്യമാണെന്ന് ഇൻസ്പെക്ടർക്ക് ബോദ്ധ്യമായാൽ മാത്രമെ തുടർ പരിശോധനയിൽ ഏർപ്പെടാവൂ.

- നിലവിൽ നടത്തുന്ന പരിശോധനയ്ക്ക് സമാനമായി LCAS-ൽ നിന്നും ജനറേറ്റ് ചെയ്യുന്ന പരിശോധന കുറിപ്പോടുകൂടി മാത്രമേ ഇൻസ്പെക്ടർമാർ സ്ഥാപനങ്ങളിൽ പരിശോധന നടത്തുവാൻ പാടുള്ളു.
- പരിശോധനയ്ക്കായി സ്ഥാപനങ്ങളിൽ എത്തുന്ന ഇൻസ്പെക്ടർമാർ നിർബന്ധമായും ഔദ്യോഗിക തിരിച്ചറിയൽ കാർഡ് ധരിക്കേണ്ടതും സ്വയം പരിചയപ്പെടുത്തേണ്ടതും തൊഴിലുടമ/മാനേജ്മെന്റ് പ്രതിനിധി/തൊഴിലാളികൾ എന്നിവരോട് വളരെ സൗഹാർദ്ദപരവും മാതൃകാപരവും മാന്യവുമായി പെരുമാറേണ്ടതാണ്. ആയത് കൂടാതെ ടി പരിശോധനകളിൽ നിയമ പ്രകാരമുള്ള ഇൻസ്പെക്ടറിംഗ് അതോറിറ്റിമാർ മാത്രമേ പരിശോധന നടത്തുന്നുവെന്നുള്ളത് കൺട്രോളിംഗ് അതോറിറ്റിമാർ ഉറപ്പാക്കേണ്ടതാണ്.
- സ്ഥാപനങ്ങളിലെ ജോലികൾക്ക് തടസ്സം വരുത്താത്ത രീതിയിലായിരിക്കണം ഇൻസ്പെക്ടർമാർ പരിശോധന നടത്തേണ്ടത്.
- സ്ഥാപന പരിശോധനയിൽ മിനിമം വേജസ് നിയമവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുമ്പോൾ പ്രസ്തുത തൊഴിൽ മേഖലയിൽ നിലവിലുള്ള മിനിമം വേജസ് സ്റ്റേ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ സ്ഥാപന പരിശോധന നടത്തുവാൻ പാടുള്ളു.
- സ്ഥാപനത്തിൽ കണ്ടെത്തുന്ന തൊഴിൽ നിയമ ലംഘനങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ തൊഴിലുടമ/മാനേജ്മെന്റ് പ്രതിനിധികളെ വ്യക്തമായി ധരിപ്പിക്കേണ്ടതാണ്.
- ടി നിയമ ലംഘനങ്ങൾ പരിഹരിക്കുന്നതിനുള്ള സമയപരിധി സംബന്ധിച്ചും പരിശോധനയെ തുടർന്ന് സ്ഥാപനങ്ങളിലേക്ക് ഇൻസ്പെക്ടർമാർ നൽകുന്ന തുടർ നോട്ടീസുകളെ സംബന്ധിച്ചും ആയതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും തൊഴിലുടമകളെ ബോധവാന്മാരാക്കേണ്ടതാണ്.
- പരിശോധനയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചുള്ള വിവരങ്ങളും തൊഴിലുടമ പ്രതിനിധികളെ ധരിപ്പിക്കേണ്ടതാണ്.
- പരിശോധന വേളയിൽ ഏതെങ്കിലും രേഖകളിൽ തൊഴിലാളികൾ സാക്ഷ്യപ്പെടുത്തേണ്ട സാഹചര്യം ഉണ്ടെങ്കിൽ ആയത് തൊഴിലാളികളുടെ പൂർണ്ണമായ സമ്മതത്തോട് കൂടി മാത്രമായിരിക്കണം നടത്തേണ്ടത്
- തൊഴിലുടമയ്ക്ക് യാതൊരു വിധത്തിലുള്ള ആശങ്കയോ ബുദ്ധിമുട്ടോ കൂടാതെ പരിശോധന പൂർത്തീകരിക്കേണ്ടതാണ്.
- പരിശോധനയിൽ കണ്ടെത്തുന്ന വീഴ്ച്ചകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനുള്ള തീയതി തൊഴിലുടമയെ മുൻകൂട്ടി അറിയിക്കേണ്ടതും ടി ദിവസങ്ങളിൽ ആവശ്യമായ ഹിയറിംഗ് നടത്തി നിയമപരമായ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ആയത് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- ഹിയറിംഗിനായി ഹാജരാകുന്ന തൊഴിലുടമകളോട് മാന്യമായി പെരുമാറേണ്ടതും സമർപ്പിച്ചിട്ടുള്ള രേഖകൾ കൃത്യമായി പരിശോധിച്ച് ആയതിൽ തൊഴിലുടമയുടെ അജ്ഞത മൂലം പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ടി വിവരം തൊഴിലുടമയെ ധരിപ്പിക്കേണ്ടതും കൃത്യമായ രേഖകൾ ഹാജരാക്കുവാൻ നിർദ്ദേശം നൽകേണ്ടതുമാണ്
- സ്ഥാപനങ്ങളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് പരമാവധി അവസരങ്ങളും സഹായവും തൊഴിലുടമയ്ക്ക് നല്കേണ്ടതും,അന്തിമ നടപടി എന്ന നിലയിൽ മാത്രം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്
- സ്ഥാപന പരിശോധന നടത്തുമ്പോൾ പരമാവധി തൊഴിലാളികളെ നേരിൽ കണ്ട് കൃത്യമായ തൊഴിൽ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

* ഇൻസ്പെക്ഷൻ നടത്തി 7 2 മണിക്കൂറിനകം ഇൻസ്പെക്ഷൻ നോട്ട് L C A S ൽ അപ്ലോഡ് ചെയ്യേണ്ടതാണ്.
* എല്ലാ ഇൻസ്പെക്റ്റിംഗ് അതോറിറ്റിമാരും പരിശോധനകളിൽ ഏർപ്പെടുമ്പോൾ തൊഴിലാളികൾക്ക് നിയമ പ്രകാരമുള്ള അർഹമായ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനോപ്പം, നമ്മുടെ തൊഴിൽ മേഖലയിൽ വ്യാവസായിക വളർച്ച, മുന്നേറ്റം എന്നിവയ്ക്ക് കൂടി ഊന്നൽ നല്കേണ്ടതാണ്.

Safna Nazarudeen

LABOUR COMMISSIONER

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്(En)